**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ശ്രീ. തങ്കപ്പൻ കെ. കെ., കരിമാരിശ്ശേരി ഹൗസ്, അയ്യപ്പൻകാവ് പി.ഒ., കൊഴുക്കുള്ളി എന്ന വ്യക്തിയ്ക്ക് 2018-ലെ പ്രളയത്തിൽ മത്സ്യകൃഷിയിൽ ഉണ്ടായ നഷ്ടത്തിന്, ഫിഷറീസ് വകുപ്പിന്റെ 2025–26 സാമ്പത്തിക വർഷത്തെ ജനകീയ മത്സ്യകൃഷി പദ്ധതിയിലെ 'Restoration Package for Aquaculture Farmers' എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും 4,37,075/- രൂപ നഷ്ടപരിഹാരമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.54/2026/F&P തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. 26/11/2021 തീയതിയായി ശ്രീ. തങ്കപ്പൻ കെ. കെ. ബഹു.മുഖ്യമന്ത്രിക്ക് നൽകിയ പരാതി.
2. WP(C) No.6831/2022-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 13-02-2024 തീയതിയിലെ ഉത്തരവ്.
3. ഫിഷറീസ് ഡയറക്ടറുടെ 03/04/2024, 21/08/2025, 29/09/2025 തീയതികളിലെ DFTVM/1382/2022-C1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ശ്രീ. തങ്കപ്പൻ കെ. കെ., കരിമാരിശ്ശേരി ഹൗസ്, അയ്യപ്പൻകാവ് പി.ഒ., കൊഴുക്കുള്ളി എന്ന വ്യക്തിയുടെ മത്സ്യകൃഷി 2018-ലെ പ്രളയത്തിൽ ഒലിച്ചുപോയതിനാൽ നഷ്ടപരിഹാരത്തിന് നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ബഹു.മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിരുന്നു.

2) ബഹു.ഹൈക്കോടതിയുടെ പരാമർശം (2)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.കെ.തങ്കപ്പനെ 18/03/2024-ൽ ഫിഷറീസ് ഡയറക്ടർ നേരിൽ കേൾക്കുകയും, പരാമർശം (3) പ്രകാരം ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3) ശ്രീ. കെ. കെ. തങ്കപ്പൻ, ഏകദേശം 25 ലക്ഷം രൂപ ചെലവിട്ട് 1 ഹെക്ടർ സ്ഥലത്ത് ശുദ്ധജല കൂടുകൃഷി ആരംഭിച്ചിരുന്നു. ആദ്യം വാങ്ങിയ 30,000 തിലാപ്പിയ കുഞ്ഞുങ്ങളിൽ, 90% നശിച്ചതിനെ തുടർന്ന് കരിമീൻ കുഞ്ഞുങ്ങളെ ഉപയോഗിച്ച് കൃഷി തുടരുകയായിരുന്നു. എന്നാൽ വിളവെടുപ്പിന് ഏതാനും ദിവസം മുമ്പ് 2018-ലെ പ്രളയത്തിൽ മുഴുവൻ കൃഷിയും നശിക്കുകയും ചെയ്തു. ശ്രീ. കെ. കെ. തങ്കപ്പൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ നടത്തിയ സ്ഥലപരിശോധനയിൽ 30,70,000/- രൂപയുടെ നഷ്ടം സംഭവിച്ചതായി കണ്ടെത്തി. ശ്രീ. കെ. കെ. തങ്കപ്പൻ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ കൃഷി നടത്തിയ ഗുണഭോക്താവല്ലെന്നും, പ്രളയാനന്തര പുനരുദ്ധാരണ പദ്ധതിയിൽ ശുദ്ധജല കൂടുകൃഷി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സഹായം ലഭിക്കാനർഹനല്ലെന്നും തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ വിലയിരുത്തൽ പ്രകാരം ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിൽ 2,50,000/- രൂപയും, മത്സ്യതീറ്റക്കും കുഞ്ഞുങ്ങൾ വാങ്ങിയതുമടക്കം 1,87,075/- രൂപയും ചേർത്ത് ആകെ 4,37,075/- രൂപ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ഈ തുക അനുവദിക്കുകയോ, വരും വർഷങ്ങളിലെ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായി സബ്സിഡിയോടെ മത്സ്യകൃഷി പുനരാരംഭിക്കാൻ അവസരം നൽകുകയോ ചെയ്യാമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പരാതിക്കാരൻ ഫിഷറീസ് വകുപ്പിലെ അംഗീകൃത മത്സ്യകർഷകനല്ലാത്തതിനാലും, ആവശ്യമായ രജിസ്ട്രേഷൻ/ലൈസൻസ് എടുത്തിട്ടില്ലാത്തതിനാലും, കൂടാതെ തുടർ കൃഷിക്ക് ആരോഗ്യപരമായും സാമ്പത്തികമായും സാധ്യതയില്ലെന്ന് അദ്ദേഹം തന്നെ അറിയിച്ചതിനാലും, നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പിൽ നിലവിലില്ലെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ശ്രീ.തങ്കപ്പൻ കെ.കെ. എന്ന വ്യക്തി പ്രായം ചെന്നതിനാലും നിലവിലെ ആരോഗ്യസ്ഥിതിയിൽ മത്സ്യകൃഷി തുടർന്ന് ചെയ്യുവാൻ ബുദ്ധിമുട്ടാണെന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാനെ വകുപ്പ് വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താൻ നിർവാഹമില്ലെന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചിരുന്നു. 2018-ലെ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടത്തിനു നഷ്ട പരിഹാരം ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ, പരാതിക്കാരൻ ശ്രീ. തങ്കപ്പൻ എന്ന വ്യക്തിയുടെ ആവശ്യം ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് ഉചിതമായ നഷ്ടപരിഹാരം ദുരിതാശ്വാസനിധിയിൽ നിന്നും ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും, കൂടാതെ 2025-26 വർഷത്തെ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 'Restoration Package for Aquaculture farmers' 2405-00-101-54 (പി) എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനായി പരിഗണിച്ച് ആയതിനുള്ള അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. തങ്കപ്പൻ കെ. കെ., കരിമാരിശ്ശേരി ഹൗസ്, അയ്യപ്പൻകാവ് പി.ഒ., കൊഴുക്കുള്ളി എന്ന വ്യക്തിയ്ക്ക് 2018-ലെ പ്രളയത്തിൽ മത്സ്യകൃഷിയിൽ ഉണ്ടായ നഷ്ടത്തിന്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്ത 4,37,075/- രൂപ (നാല് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി എഴുപത്തഞ്ച് രൂപ മാത്രം) ഫിഷറീസ് വകുപ്പിന്റെ 2025–26 സാമ്പത്തിക വർഷത്തെ ജനകീയ മത്സ്യകൃഷി പദ്ധതിയിലെ 'Restoration Package for Aquaculture Farmers' (2405-00-101-54 (പി)) എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും നഷ്ടപരിഹാരമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 21-01-2026 17:03:07

സെക്ഷൻ ഓഫീസർ